بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ഖുത്വ്ബ നമ്പർ
36
07-09-2012

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایدہ اللہ تعالیٰ بنصرہ العزیز
വിവർത്തനം: ടി.എം. അബ്ദുൽ മുജീബ്, മുബല്ലിഗ് കാക്കനാട്



# ജൽസയുടെ അടിസ്ഥാന ഉദ്ദേശ്യം

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബ്രിട്ടനിലെ വാർഷിക സമ്മേളനം ആരംഭിക്കുകയാണ്. നടപടിക്രമമനുസരിച്ച് വൈകുന്നേരമാണ് ഉൽഘാടനം ചെയ്യപ്പെടുക. എങ്കിലും യഥാർത്ഥത്തിൽ ഈ ജുമ്അ ജൽസയുടെ ഒരു ഭാഗം തന്നെയാണ്. ഇത് തന്നെയാണ് ഉൽഘാടനവും. അതിനാൽ ഇതിനെ സംബന്ധിച്ച് ഞാൻ ചില കാര്യങ്ങൾ പറയുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ജൽസയുടെ അടിസ്ഥാന ഉദ്ദേശ്യമായി പറയുന്നത്, ദൈവികജ്ഞാനത്തിൽ അഭിവൃദ്ധി പ്രാപിക്കുന്ന ജമാഅത്ത് തയ്യാറാക്കുക, ദൈവഭയം അവനിൽ ജനിപ്പിക്കുക, ത്യാഗവും ദൈവിക ഭക്തിയും അവനിൽ സംജാതമാക്കുക, ദൈവഭയത്തിന്റെ ശീലം അവരിൽ ഉണ്ടാക്കുക, പരസ്പര സ്നേഹവും മമതയും അവരിൽ ഉണ്ടാക്കുക, എളിമയിലും പരസ്പര സൗഹാർദ്ദത്തിലും ഉന്നത നിലവാരം കരസ്ഥമാക്കുന്നവരാക്കി തീർക്കുക, സാഹോദര്യത്തിന്റെ മാതൃകകളായി കൊണ്ട് رُحَمَآءُ بَيۡنَهُمۡ എന്നതിന്റെ മാതൃകകളാക്കി തീർക്കുക, വിനയവും, ശാലീനതയും അവരുടെ അടയാളമാക്കുക, സത്യസന്ധതയിൽ സമാനതകളില്ലാത്ത ഉന്നത നിലനാട്ടുക, ഇസ്‌ലാമിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനുള്ള ആവേശം അവരിൽ ഉണ്ടാക്കുക, അതിന് വേണ്ടി ജീവനും, ധനവും, സമയവും, അഭിമാനവും ത്യജിക്കുന്നതിനായി എപ്പോഴും സന്നദ്ധരായിരിക്കുന്നവരാക്കി മാറ്റുക എന്നതാണ്. അതിനാൽ ഇന്നിവിടെ സമ്മേളിച്ചിരിക്കുന്ന നാമോരോരുത്തരും സ്വയം ആത്മപരിശോധന നടത്തേണ്ടതാണ്. യാത്രാ ക്ലേശങ്ങൾ സഹിച്ചാണ് നാമിവിടെ സമ്മേളിച്ചിരിക്കുന്നത്. ഇന്നീ കാലഘട്ടത്തിൽ യാത്രക്കുള്ള സൗകര്യങ്ങൾ ലഭ്യമാണെങ്കിലും പ്രകൃതം അത്തരത്തിലുള്ളതാണ്. അതിനാൽ വഴിയിലെ ബുദ്ധിമുട്ടുകളും യാത്രയിലെ പ്രയാസങ്ങളും യാത്രയുടെ അനുഭവം ഹൃദയത്തിൽ സംജാതമാക്കുന്നു. യാത്രയിലെ പ്രയാസങ്ങളുടെ അവസ്ഥയിൽ പരിവർത്തനം ഉണ്ടായിരിക്കുന്നു. എന്നിരുന്നാലും യാത്ര യാത്ര തന്നെയാണ്.

അതിനാൽ ജൽസയിൽ പങ്കെടുക്കുവാനായി എത്തിയിട്ടുള്ളവർ ഇക്കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അഭിലാഷങ്ങളെ മാനിച്ച്കൊണ്ട് ജൽസയുടെ ഈ ലക്ഷ്യങ്ങളെ പൂർത്തിയാക്കുന്നവരാണൊ? ഈ മൂന്ന് ദിവസങ്ങളിലുള്ള ജൽസയുടെ പരിപാടികളിൽ പങ്കെടുക്കുന്ന എല്ലാവരും തന്നെ ഇക്കാര്യങ്ങൾ തങ്ങളുടെ മുന്നിൽ വെക്കേണ്ടതാണ്. അപ്പോൾ മാത്രമേ നമുക്ക് ജൽസയിൽ പങ്കെടുക്കുന്നതു കൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്നതിലേക്ക് ശ്രദ്ധയുണ്ടാകുകയുള്ളൂ. അപ്പോൾ മാത്രമെ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിക്കാനാഗ്രഹിച്ച ജമാഅത്ത് സ്ഥാപിതമാകുകയുള്ളൂ. അപ്പോൾ മാത്രമേ ലോകത്തിന് ആത്മീയ വിപ്ലവത്തിനുതകുന്ന പരിവർത്തനം പ്രകൃതങ്ങളിൽ സംജാതമാകകയുള്ളൂ. നമ്മുടെ കർമങ്ങളെയും ചിന്തകളേയും ഈ ഒരു നിലവാരത്തിലേക്ക് നാം എത്തിക്കുന്നില്ല എങ്കിൽ ജൽസയിൽ പങ്കെടുക്കുന്നത് വ്യർത്ഥവും ഫലശൂന്യവുമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, വന്നിരുന്ന് സുഹൃത്തുക്കളുമായി ഗപ്പടിച്ച് സമയം കളയുകയോ, അങ്ങാടിയിൽ പോയി ഫാലൂദയും പക്കവടയും കഴിക്കുകയോ അല്ലെങ്കിൽ ചായയോ ജൂസോ കാപ്പിയോ കുടിക്കുന്ന ചെയ്യുന്ന ഒരു ഭൗതിക മേളയല്ല ഇത്. അല്ലെങ്കിൽ പാക്കിസ്ഥാന്റെയൊ ഇന്ത്യയുടെയോ വസ്തുക്കൾ വാങ്ങുന്നു. കാരണം ഇവയെല്ലാം തന്നെ ജൽസയുടെ ദിനങ്ങളിൽ ഒരു സ്ഥലത്ത് നിന്ന് തന്നെ ലഭ്യമാകുന്നു. അത് കൊണ്ട് അത് പ്രയോജനപ്പെടുത്താമെന്ന് പറയുന്നു. മറ്റ് ചിലർ പറയുന്നു, ഒരു വർഷത്തേക്കുള്ള റേഷൻ അതായത് പരിപ്പും അരിയും തുടങ്ങിയവ ജൽസയിൽ നിന്ന് വാങ്ങി കൊണ്ട് പോകുന്നു. കാരണം അവയെല്ലാം ഇവിടെ നല്ലതും താരതമ്യേന വിലക്കുറവിലും ലഭിക്കുന്നു അല്ലെങ്കിൽ കൂടുതൽ തർക്കിക്കേണ്ടി വരുന്നില്ല. അഥവാ ഉദ്ദേശ്യം ഇതാണെങ്കിൽ ജൽസയിൽ പങ്കെടുക്കുന്നതിന്റെ പ്രതിഫലം പാഴാക്കികളഞ്ഞു. ഇവയെല്ലാം തന്നെ കുറഞ്ഞ വിലയിൽ അങ്ങാടിയിൽ നിന്ന് ലഭിക്കുന്നതാണ്. ഇവിടെ വരുന്നവർ ഈ ഭൗതിക ഭക്ഷണത്തളിക കരസ്ഥമാക്കുന്നതിന് വേണ്ടിയല്ല വരുന്നത്. വരേണ്ടതുമല്ല. പ്രത്യുത, മറ്റൊരു അങ്ങാടിയിൽ നിന്നും ലഭിക്കാത്ത ആത്മീയ ഭക്ഷണത്തളികക്കു വേണ്ടിയാണ് വരുന്നതും, വരേണ്ടതും. ഇന്ന് ഇതൊരു അമൂല്യ നിധിയാണ്. ആത്മീയ വിശപ്പും ദാഹവും മാത്രമല്ല അത് ശമിക്കുന്നത്, മറിച്ച് യഥാർത്ഥത്തിൽ ഇതിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്ന ഓരോരുത്തരേയും ദരിദ്രരിൽ നിന്ന് ധനികരാക്കുന്നു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകി അനുഗ്രഹിച്ച ഈ നിധി, ജൽസയുടെ ദിനങ്ങളിൽ വിത്യസ്ത പരിപാടികളിലൂടെ വിതരണം ചെയ്യുന്ന ഈ നിധി കരസ്ഥമാക്കി കഴിഞ്ഞാൽ ഒരു യഥാർത്ഥ അഹ്മദിയെ മറ്റുള്ളവരുടെ വിശപ്പും ദാഹവും ദാരിദ്രവും അകറ്റുന്നതിന് ഹേതുവാക്കി മാറ്റുന്നു.

അതിനാൽ ഓരൊ അഹ്മദിയുടേയും, പങ്കെടുക്കുന്ന എല്ലാവരുടേയും കടമ, അഥവാ അവരുടെ ചിന്തയിൽ എന്തെങ്കിലും ന്യൂനതയുണ്ടായിരുന്നു എങ്കിൽ, ജൽസയുടെ യഥാർത്ഥ്യത്തെ കുറിച്ചുള്ള അറിവും ബോധവും ഉണ്ടായിരുന്നില്ലാ എങ്കിൽ, ഇപ്പോൾ തങ്ങളുടെ ചിന്തയെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അഭിലാഷത്തിന് അനുഗുണമാക്കി മാറ്റി ജൽസയിൽ നിന്ന് പരിപൂർണ പ്രയോജനം കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കേണ്ടതാണ്. ജൽസയിൽ പങ്കെടുക്കുന്നവരെ കുറിച്ചും ജമാഅത്തിനെ കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗ്രഹത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇപ്പോൾ ഞാൻ പറയുന്നതാണ്. എങ്ങിനെയുള്ള അഹ്മദിയെയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആഗ്രഹിക്കുന്നത്? ജമാഅത്തിന്റെ നിലവാരം എങ്ങിനെ ഉള്ളതായിരിക്കണം എന്നതിനെ സംബന്ധിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വാക്കുകൾ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നതാണ്. മുഴുവൻ വാക്കുകളും ആ മഹാത്മാവിന്റേതല്ലായെങ്കിലും ജൽസയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുള്ള നിർദേശങ്ങൾ

സംക്ഷിപ്തമായി ഞാൻ പ്രതിപാദിക്കുന്നതാണ്. അത് മനുഷ്യ ജീവിതത്തിന്റെ ഇഹവും പരവും ശരിയാകുന്നതിന് ജാമ്യമായിത്തീരുന്ന പ്രവർത്തന രൂപരേഖയാണ്.

اِنَّ اللّٰهَ مَعَ الَّذِيْنَ اتَّقَوْا وَّالَّذِيْنَ هُمْ مُّحْسِنُوْنَ ﴿١٢٩﴾

നിശ്ചയമായും അല്ലാഹു ഭയഭക്തി സ്വായത്തമാക്കിയവരോടൊപ്പവും സൽകർമങ്ങൾ ചെയ്യുന്നവരോടൊപ്പവുമാകുന്നു എന്ന ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു തഖ്വയിലല്ലാതെ മറ്റൊന്നിലും തന്നെ അല്ലാഹു സംതൃപ്തനാകുന്നതല്ല. അല്ലാഹുവിനെ തൃപ്തനാക്കുക എന്നതാണ് ഒരു വിശ്വാസിയുടെ ഉദ്ദേശ്യം എന്നിരിക്കെ തഖ്വയിലൂടെ ചരിക്കുകയല്ലാതെ അതിന് മറ്റൊരു മാർഗവുമില്ല. തഖ്വ എന്താണ് ? ഏതെല്ലാം മാർഗങ്ങളിലൂടെ സഞ്ചരിച്ച് കൊണ്ടാണ് മനുഷ്യന് തഖ്വ കരസ്ഥമാക്കാൻ സാധിക്കുക? ഒരു അഹ്മദി മുസ്ലീമിന് തഖ്വയിലൂടെ ചരിക്കുന്നത് അനിവാര്യമായത് എന്ത് കൊണ്ടാണ്? അതിനെ കുറിച്ച് വിശദീകരിച്ച് കൊണ്ട് ആ മഹാത്മാവ് പറയുന്നു, ജമാഅത്ത് അംഗങ്ങൾ തഖ്വയിലൂടെ ചരിക്കേണ്ടതിന്റെ കാരണം അവരുടെ ബന്ധം ദൈവീകനിയോഗിതനെന്ന് വാദിക്കുന്ന ഒരു വ്യക്തിയുമായിട്ടാണ്. അദ്ദേഹത്തിൽ അനുസരണ പ്രതിജ്ഞ ചെയ്തവരാണ്. ഇതിൽ പ്രവേശിക്കുന്നവർ മുൻപ് മുഴുകിയിരുന്ന ഭൗതികതയിൽ നിന്നും, അകപ്പെട്ടിരിക്കുന്ന സർവ തിന്മകളിൽ നിന്നും മോചനം കരസ്ഥമാക്കുമ്പോഴാണ് ഈ ദൈവനിയോഗിതന്റെ അനുസരണ പ്രതിജ്ഞയിൽ പങ്കു ചേരുന്നവർക്കായുള്ള പ്രയോജനം കരസ്ഥമാകുക. തഖ്വയിൽ പദമൂന്നിയാലല്ലാതെ തിന്മകളിൽ നിന്നുള്ള മോചനം സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ഉദാഹരണം നൽകി കൊണ്ട് പറയുന്നു, ആരെങ്കിലും രോഗിയാവുകയാണെങ്കിൽ- രോഗം നിസാരമോ ഗുരുതരമോ ആകട്ടെ - ചികിത്സിക്കുന്നില്ലാ എങ്കിൽ, ചിലപ്പോൾ ചികിത്സ സ്വയം വേദനാജനകമാകുന്നു എന്നാലും ചെയ്യേണ്ടി വരുന്നു. കാരണം അങ്ങിനെ ചെയ്യുന്നില്ലായെങ്കിൽ വിഷമം വർദ്ധിച്ച് കൊണ്ട് പോകുന്നു. ആരോഗ്യം ലഭിക്കില്ല. പറയുന്നു, മുഖത്ത് കറുത്ത പാട് ഉണ്ടാകുമ്പോൾ അത് വളർന്ന് വളർന്ന് മുഴുവൻ മുഖത്തേയും കറുപ്പാക്കുമോ എന്ന ചിന്ത അധികരിക്കുന്നു. പലപ്പോഴും അങ്ങിനെ സംഭവിക്കുന്നു. എന്റെ പക്കലും പലരും വരാറുണ്ട്. അത് പ്രഭാവം ചെലുത്തുന്നു. അവർക്ക് ചിന്തയുണ്ടാകുന്നു. പറയുന്നു, അതേ പോലെ തന്നെ അതി നിസാര തിന്മയെയും നിങ്ങൾ നിസാരമായി കാണരുത്. ഇത് തഖ്വയിൽ നിന്ന് ദൂരപ്പെടുത്തുന്നു. പിന്നീട് ഈ ചെറിയ തിന്മ വലിയ പാപമായി മാറുന്നു. ഹൃദയത്തെ ഇരുണ്ടതാക്കി മാറ്റുന്നു. അതിനാൽ ചിന്തിക്കുക, ധാരാളം ചിന്തിക്കുക. പറയുന്നു, അല്ലാഹു റഹീമും കരീമും (കാരുണ്യവാനും, ഉദാരമതിയും) ആണെന്നതു പോലെ തന്നെ ഖഹാറും മുൻതഖിമും (നാശം വിതക്കുന്നവനും, പ്രതികാരം ചെയ്യുന്നവനും) ആകുന്നു. ഒരു ജമാഅത്തിന്റെ വാദവും സംസാരവും പലതാണെന്നും അവരുടെ പ്രവർത്തനം അതനുസരിച്ചല്ലാ എന്നവൻ കാണുമ്പോൾ അവന്റെ കോപം ജ്വലിക്കുന്നു. അത്കൊണ്ട് തങ്ങളുടെ പ്രവർത്തങ്ങൾ നേരെയാക്കുന്നതിന് വേണ്ടി ഓരോ അഹ്മദിയും പ്രയത്നിക്കേണ്ടതാണ്. ആ മഹാത്മാവ് പറഞ്ഞത് വളരെ വലിയൊരു മുന്നറിയിപ്പാണ്. ഈ ദിനങ്ങളിൽ ധാരാളം ദുആ ചെയ്യുക. ദുആക്കുള്ള അവസരവും അല്ലാഹു ഒരുക്കി തന്നിട്ടുണ്ട്. അല്ലാഹു യഥാർത്ഥത്തിൽ അവൻ ആഗ്രഹിക്കുന്നത് പോലെ നമ്മെ ആക്കട്ടെ.

ഇന്ന് മുസ്ലീംകളുടെ അവസ്ഥ നാം കാണുമ്പോൾ, നമ്മുടെ ഏതെങ്കിലും അയോഗ്യതയിലോ ദുഷ്കർമ്മങ്ങളിലൊ കുപിതനായി കൊണ്ട് അല്ലാഹു നമ്മെ അവന്റെ കോപത്തിന് പാത്രമാകുന്നവരാക്കുമോ എന്ന ഭയം അധികരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉദാഹരണമായി പറയുന്നു, ദുഷ്കർമങ്ങൾ ആരംഭിക്കുമ്പോൾ, വാക്കുകളിലും കർമങ്ങളിലും വൈരുദ്ധ്യം ആരംഭിക്കുമ്പോൾ വിശ്വാസികൾ എന്ന് പറയുന്നവരെ അല്ലാഹു നിഷേധികൾ മുഖേന ശിക്ഷിക്കുന്നു.

പറയുന്നു, പലപ്പോഴും മുസ്ലിംകൾ നിഷേധികളാൽ ശിക്ഷിക്കപ്പെട്ടു എന്നതിന് ചരിത്രം സാക്ഷിയാണ്. ചങ്കേസ് ഖാനും, ഹലാകൂ ഖാനും മുസ്ലിംകളെ നശിപ്പിക്കുകയുണ്ടായി. അല്ലാഹു മുസ്ലിംകൾക്ക് സഹായത്തിന്റേയും സഹകരണത്തിന്റെയും വാഗ്ദാനം നൽകിയിട്ടുണ്ട്. പറയുന്നു, അതിന് കാരണമിതാണ്, നാവ് **ലാഇലാഹ ഇല്ലല്ലാഹ്** എന്ന് വിളിച്ച് പറയുന്നുണ്ടെങ്കിലും ഹൃദയം മറ്റെവിടെയൊക്കെയോ ആകുന്നു. കർമ്മങ്ങൾ ഭൗതികയിൽ മുങ്ങിയിരിക്കുന്നു. അതിനാൽ വളരെ അധികം ഭയപ്പെടേണ്ടതാണ്. നാം എപ്പോഴും ആത്മപരിശോദന ചെയ്ത് കൊണ്ടിരിക്കേണ്ടതണ്.

കാലഘട്ടത്തിന്റെ പരിഷ്കരണത്തിനായി ഈ കാലഘട്ടത്തിലെ മാർഗ ദർശകനേയും റസൂൽ തിരുമേനി (സ) യുടെ പ്രേമിയേയും നിയോഗിച്ചിരിക്കുന്നു എന്നത് അല്ലാഹു നമ്മോട് ചെയ്ത ഔദാര്യമാണ്. പിന്നീട് നമ്മിൽ കൂടുതൽ ഔദാര്യം ചെയ്ത് കൊണ്ട് ആ കാലഘട്ടത്തിന്റെ നിയോഗിതനെ വിശ്വാസിക്കുന്നതിനുള്ള സൗഭാഗ്യവും നൽകി. അഥവാ നാം നമ്മുടെ ശ്രദ്ധ അല്ലാഹുവിലേക്ക് തിരിക്കുന്നില്ലായെങ്കിൽ - അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ, അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ- നാമും വാക്കിലും പ്രവൃത്തിയിലും വൈരുദ്ധ്യം വച്ചു പുലർത്തുന്നവക്കായി നിർണ്ണയിച്ചിട്ടുള്ള പ്രകൃതിനിയമത്തിന്റെ ആട്ടുകല്ലിൽ അരയ്ക്കപ്പെടുന്നതാണ്. പറയുന്നു, നിങ്ങൾ സ്വയം പരിശോധിക്കുക. അല്ലാഹുവിന്റെ ഭയം എത്രത്തോളമുണ്ടെന്ന് നോക്കുക. വാക്കും പ്രവൃത്തിയും എത്രത്തോളം പരസ്പരം സാമ്യത പുലർത്തുന്നുണ്ടെന്ന് നോക്കുക. വാക്കും പ്രവൃത്തിയും ഒന്നല്ലായെന്ന് കാണുന്നുവെങ്കിൽ ഭയപ്പെടുക. പറയുന്നു, വാക്കുകൾ എത്ര തന്നെ പരിശുദ്ധമാണെങ്കിലും അശുദ്ധഹൃദയത്തിന് അല്ലാഹുവിന്റെ ദൃഷ്ടിയിൽ യാതൊരു വിലയുമില്ല. മറിച്ച് അല്ലാഹു കോപിതനാകുന്നതാണ്. പറയുന്നു, എന്റെ അടുക്കൽ വന്നിട്ടുള്ളത് ബീജാവാപം നടത്തുന്നതിനായിട്ടും അതിലൂടെ അവർ ഫലഭൂയിഷ്ടമായ വൃക്ഷമാകുന്നതിന് വേണ്ടിയുമാണെന്ന് എന്റെ ജമാഅത്ത് മനസ്സിലാക്കുക. അതിനാൽ എല്ലാവരും സ്വന്തം അന്തരാളം എപ്രകാരമാണെന്നതിലും ബാഹ്യാവസ്ഥ എപ്രകാരമാണെന്നതിലും ചിന്തിക്കട്ടെ. പറയുന്നു, നമ്മുടെ ജമാഅത്തിന്റെ നാവിൽ ഒന്നും, ഹൃദയത്തിൽ മറ്റൊന്നുമാണെങ്കിൽ- അല്ലാഹു അങ്ങനെ ആക്കാതിരിക്കട്ടെ- പര്യവസാനം ശുഭകരമായിരിക്കില്ല. പറയുന്നു, ഒരു ജമാഅത്ത് ഹൃദയം കൊണ്ട് ശൂന്യവും നാവ് കൊണ്ട് വാദങ്ങൾ ചെയ്യുന്നതുമായി അല്ലാഹു കാണുമ്പോൾ, അവൻ സ്വാശ്രയനാണ് അവൻ ആരേയും വക വെക്കില്ല. പറയുന്നു, ചരിത്രത്തിൽ കണ്ണോടിക്കുക. നബി തിരുമേനി (സ) കാലഘട്ടത്തിൽ എത്തുക. ബദർ യുദ്ധത്തിന്റെ രൂപം കൺമുന്നിൽ കൊണ്ട് വരിക. ബദർ യുദ്ധ വിജയം പ്രവചിക്കപ്പെട്ടിരുന്നു. എല്ലാ വിജയങ്ങളുടേയും പ്രതീക്ഷ ഉണ്ടായിരുന്നു. എല്ലാ നിലയിലുള്ള വിജയങ്ങളുടേയും പ്രതീക്ഷയുണ്ടായിരുന്നു. എന്നിട്ടും നബി തിരുമേനി (സ) കരഞ്ഞ് കരഞ്ഞ് യാചിച്ചു കൊണ്ട് ദുആ ചെയ്യുമായിരുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) ചോദിച്ചു. എല്ലാതരത്തിലുമുള്ള വിജയത്തിന്റെ വാഗ്ദാനം ഉണ്ടായിരിക്കെ യാചിക്കേണ്ട ആവശ്യമെന്താണ്? ഈ വേദനയോടും അസ്വസ്ഥതയോടും കൂടി ദുആ ചെയ്യേണ്ട ആവശ്യമെന്താണ് ? നബി തിരുമേനി (സ) പറഞ്ഞു, അവൻ നിരാശ്രയനാണ്. ദൈവീക വാഗ്ദാനത്തിൽ എന്തെങ്കിലും ഗോപ്യമായ നിബന്ധന ഉണ്ടാകാം.

നബി (സ) നിലനാട്ടിയ തഖ്‌വയുടെ സ്ഥാനത്തിന്റെ മാതൃകയാണിത്. അഥവാ ഇതേ ഭയവും ഭക്തിയും മുന്നിൽ വെച്ചു കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതിനായി പരിശ്രമിച്ച് കൊണ്ടിരുന്നാൽ اِنْ شَآءَاللّٰہ വിജയം നമ്മുടേതായിരിക്കും. വാക്കും പ്രവൃത്തിയും ഒന്നാകുന്നവരാണ് വിജയിക്കുക. ഹലാകൂ ഖാന്റേയും ചങ്കേസ് ഖാന്റെയും ഉദാഹരണങ്ങൾ വിവരിച്ച് കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ച മുസ്‌ലിംകളുടെ അവസ്ഥ, കണ്ണോടിക്കുകയാണെങ്കിൽ ഇന്നും നമുക്ക് കാണാൻ സാധിക്കുന്നതാണ്. മുസ്‌ലീംകളുടെ ശക്തികൾ ക്ഷയിച്ചു. അന്യരുടെ പ്രവർത്തന മാർഗത്തെ അവലംബിക്കുന്നു. ഖുർആനിക അദ്ധ്യാപനങ്ങളെ വിസ്മരിച്ചിരിക്കുന്നു. സ്വന്തം രാഷ്ട്രത്ത്, സ്വന്തം സിംഹാസനത്തിൽ ഇരിക്കുന്നതിനായി മുസ്‌ലിം എന്ന് പറയപ്പെടുന്നവരെ അങ്ങേയറ്റം ദ്രോഹിക്കുന്നു. പൊതുജനങ്ങൾ നിഷ്കരുണം വധിക്കപ്പെടുന്നു. അതിലൂടെ തങ്ങളുടെ സിംഹാസനം സുരക്ഷിതമായിത്തീരുമെന്നവർ ധരിക്കുന്നു. ഇതവരുടെ ശുഭാപ്തി വിശ്വാസമാണ്. ദ്രോഹത്തിന്റെ ശിക്ഷയും ഇവർക്ക് ലഭിക്കുന്നതാണ്, ഇവരുടെ സിംഹാസനവും നഷ്ടപ്പെടുന്നതാണ്. ഭരണകൂടങ്ങളെ അട്ടിമറിച്ചു കൊണ്ട് പൊതു ജനങ്ങളുടെ പേരിൽ പുതിയ ഭരണം സ്ഥാപിതമായിട്ടുള്ള രാഷ്ട്രങ്ങളുടേയും അവസ്ഥ ഇതു തന്നെയാണ്. അവരും ആക്രമത്തിന്റെ പോളിസിയെയാണ് പ്രാവർത്തികമാക്കുന്നത്. തൽഫലമായി സ്വന്തം ശക്തിയെയാണ് ദുർബലമാക്കുന്നത്. മുസ്‌ലിംകൾ ബലഹീനരാകണം, ബലഹീനരായിത്തീരേണ്ടതാണ് എന്ന അന്യരുടെ, ശത്രുക്കളുടെ ആഗ്രഹത്തെയാണ് അറിഞ്ഞോ അറിയാതെയോ പൂർത്തിയാക്കുന്നത്. മുസ്‌ലിംകളുടെ മാധ്യമങ്ങളെ അന്യർ അധീനപ്പെടുത്തിയിരിക്കുന്നു. അല്ലാഹു മുസ്‌ലിംകൾക്ക് ബുദ്ധി നൽകുന്നതിനു വേണ്ടിയും ദുആ ചെയ്യുക.

ഏതായിരുന്നാലും ഞാൻ പറഞ്ഞ് വന്നത്, ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിന്റെ ഏത് നിലവാരത്തെയാണ് കാണാൻ ആഗ്രഹിച്ചിരുന്നത്, അതിന് വേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് എന്നതാണ്. ഈ നിലവാരം കരസ്ഥമാക്കുന്നതിന്റെ യഥാർത്ഥ അടിസ്ഥാനം ഭയഭക്തി തന്നെയാണ്. ഈ വിഷയത്തെ കൂടുതൽ വിശദമാക്കുകയാണ്. പറയുന്നു, നാം ഭയഭക്തിയിലും പരിശുദ്ധിയിലും എത്രത്തോളം അഭിവൃദ്ധിപ്പെട്ടിട്ടുണ്ട് എന്നത് എപ്പോഴും പരിശോധിക്കേണ്ടതാണ്. പറയുന്നു, ഇതിന്റെ അളവുകോൽ വിശുദ്ധ ഖുർആനാകുന്നു. അല്ലാഹു മുത്തഖീങ്ങളുടെ ലക്ഷണങ്ങളിൽ ഒന്നായി പറഞ്ഞിട്ടുള്ളത്, അവരെ ഭൗതീകലോകത്തിലെ വെറുക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് സ്വതന്ത്രരാക്കി അവരുടെ പ്രവർത്തികളുടെ സ്വയം സംരക്ഷകനുമായി മാറുന്നു എന്നാണ്. പറയുന്നു,

وَمَنْ يَّتَّقِ اللّٰهَ يَجْعَلْ لَّهٗ مَخْرَجًا ۙ وَّيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ

അല്ലാഹുവിനെ ഭയപ്പെടുന്നവർക്ക് എല്ലാ വിപത്തുകളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം അല്ലാഹു ഒരുക്കിക്കൊടുക്കുന്നു. അവന്റെ സങ്കൽപ്പത്തിൽ പോലും ഇല്ലാത്ത മാർഗ്ഗത്തിലൂടെ അവന്റെ ജീവിത വിഭവത്തിനുള്ള മാർഗ്ഗങ്ങൾ ഒരുക്കിക്കൊടുക്കുന്നു. പറയുന്നു, അല്ലാഹു മുത്തഖിയെ നിഷ്ഫലമായ ആവശ്യങ്ങളുടെ ആശ്രിതനാകുന്നതല്ല എന്നതും മുത്വഖിയുടെ ഒരടയാളമാകുന്നു. ഒരു വ്യാപാരി പൊതുവിൽ ധരിക്കുന്നത്, ചതിയും കളവുമില്ലാതെ അയാളുടെ വ്യാപാരം നടക്കില്ലെന്നാണ്. അതിനാൽ വഞ്ചനയെ അയാൾ ഉപേക്ഷിക്കുന്നില്ല. കളവ് പറയാൻ നിർബന്ധിതനാണെന്ന് പ്രകിപ്പിക്കുന്നു. എന്നാൽ ഇതൊരിക്കലും ശരിയല്ല. അല്ലാഹു സ്വയം മുത്വഖിയുടെ സംരക്ഷകനായിത്തീരുന്നു. ഇത്തരത്തിൽ സത്യത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നതിന് നിർബന്ധിതനാകുന്ന അവസരങ്ങളിൽ നിന്നവനെ സംരക്ഷിക്കുന്നു. പറയുന്നു, ഓർക്കുക അല്ലാഹുവിനെ ആരെങ്കിലും ഉപേക്ഷിച്ചാൽ അല്ലാഹുവും അവനെ ഉപേക്ഷിക്കുന്നതാണ്. കാരുണ്യവാനായ അല്ലാഹു ഉപേക്ഷിച്ചാൽ നിശ്ചയമായും ശൈത്വാൻ തന്റെ ബന്ധം ഉറപ്പിക്കുന്നതാണ്.

അതിനാൽ ഒരഹ്‌മദി തന്റെ സത്യത്തിന്റെ നിലവാരം നിലനാട്ടാൻ ശ്രമിക്കേണ്ടതാണ്. എല്ലായിടത്തും എല്ലാനിലയിലും. ഉദാഹരണമായി ഇക്കാലത്ത് ധാരാളം അഹ്‌മദികൾ ജീവിത മാർഗ്ഗങ്ങൾ തേടി യൂറോപ്പിലേക്ക് എത്തുന്നുണ്ട്. ചിലപ്പോൾ ചിലർ തെറ്റായ വിവരങ്ങളും നൽകുന്നു. എന്നാൽ സത്യം പറയുകയാണെങ്കിൽ, പാകിസ്ഥാനിലെ അഹ്‌മദികളുടെ അവസ്ഥ വിവരിച്ചുകൊണ്ട് അപ്പീൽ ചെയ്യുകയാണെങ്കിലും സ്വാധീനം ഉണ്ടാകുന്നതാണ്. വക്കീലുമാരെ കഥയുണ്ടാക്കാൻ വിടാതെ സത്യമായ വിവരങ്ങൾ പറയണം, ഇത് നിങ്ങളുടെ വികാരങ്ങളും അനുഭവങ്ങളുമാണെന്ന് ഞാനാരോടെല്ലാം പറഞ്ഞിരുന്നുവോ അവരുടെയെല്ലാം കേസ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിജയിക്കുകയാണുണ്ടായത്. പാകിസ്ഥാനി അഹ്‌മദികളുടെ മേൽ അക്രമം നടക്കുകയാണ്. തീർച്ചയായും നടക്കുന്നുണ്ട്. അതിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ ആക്രമം അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നു. എന്നാൽ ഈ ആക്രമങ്ങളുടെ കഥ സത്യത്തിന്റെ രൂപത്തിൽ തെറ്റായ കാര്യങ്ങളവതരിപ്പിക്കാതെ കേൾപ്പിക്കുകയും പിന്നീട് അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുകയാണെങ്കിലും ലക്ഷ്യം കരസ്ഥമാകുന്നു. ഈ സമുദായത്തിൽ സഹതാപത്തിന്റെ വികാരം എന്തായാലും ഉണ്ട്. ഭൂരിഭാഗം പേരിലും. അതിന്റെ ഫലമായി ഇവർ സഹായിക്കുന്നു. അതിനാൽ എല്ലാ അവസരങ്ങളിലും നമ്മുടെ സത്യത്തിന്റെ നിലവാരം ഉയർത്താൻ നാം പരിശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു, മനുഷ്യ നന്മയുടെ രണ്ട് ഭാഗങ്ങളുണ്ട്. ഒന്ന് കടമകളുടെയും രണ്ടാമത്തേത് ഐശ്ചികമായതിന്റെയും. അല്ലാഹുവിനോടുള്ള ബാധ്യതയുമായി ബന്ധപ്പെട്ട കടമകൾ കൂടാതെ സമസൃഷ്ടികളോടുള്ള ബാധ്യതയുടെ ഉദാഹരണങ്ങളും ആ മഹാത്മാവ് നൽകുകയുണ്ടായി. അതിലും നിർബന്ധ കടമയും ഐശ്ചിക കടമയുമുണ്ട്. ആ നിർബന്ധ കടമകളിലായി പറയുന്നു, ഉദാഹരണമായി കടം വീട്ടുക. കടം വാങ്ങിയാൽ അത് വീട്ടേണ്ടത് അവന്റെ നിർബന്ധ കടമയാകുന്നു. അല്ലെങ്കിൽ നന്മയ്ക്ക് പകരമായി നന്മ ചെയ്യുക എന്നത് ഒരു മുസ്‌ലിമിന്, അഹ്‌മദി മുസ്‌ലിമിന് നിർബന്ധ കടമയാണ്. പറയുന്നു, ഈ നിർബന്ധ കടമകൾ കൂടാതെ ഓരോ നന്മയോടൊപ്പവും ഐശ്ചിക കർമങ്ങളുമുണ്ട്. അതായത് ഒരാളുടെ അവകാശത്തിൽ നിന്ന് അധികമായ നന്മ. നന്മയ്ക്ക് പകരം നന്മ ചെയ്തു. കടം വാങ്ങി അത് വീട്ടി. ഇത് നിർബന്ധമാണ്. എന്നാൽ ഇതിന്റെ ഐശ്ചികമെന്ന് പറയുന്നത് അധികമായി കുറച്ച് നൽകുക എന്നതാണ്. പ്രവാചകന്മാർ എപ്പോഴും ഈ ചര്യയാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. നബി തിരുമേനി (സ) യുടെ മാതൃക നമ്മുടെ മുന്നിലുണ്ട്. അങ്ങുന്ന് ഏറ്റവും അധികമായി അത് പ്രാവർത്തികമാക്കിയിരുന്നു. പറയുന്നു, ഔദാര്യം ചെയ്യുന്നത് കൂടാതെ വീണ്ടും ഔദാര്യം ചെയ്യുന്നത് നഫലാകുന്നു. ആരെങ്കിലും ഒരാൾക്ക് ഔദാര്യം ചെയ്താൽ ഔദാര്യം ചെയ്ത് കൊണ്ട് തന്നെ അതിന് പകരം വീട്ടാവുന്നതാണ്, വീട്ടേണ്ടതാണ്. ഇത് നിർബന്ധ കടമയാണ്. ഔദാര്യത്തിന് പകരം ഔദാര്യം തന്നെയാണെന്ന് അല്ലാഹുവാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഔദാര്യത്തേക്കാൾ കൂടുതലായി ഔദാര്യം ചെയ്യുമ്പോഴാണ് ഈ നിർബന്ധ കടമയിൽ നഫലുണ്ടാകുന്നത്. പറയുന്നു, അങ്ങിനെയാകുമ്പേൾ ഇത് നിർബന്ധ കടമയെ പൂർത്തിയാക്കുന്ന കർമ്മങ്ങളാകുന്നു. കൂടുതൽ പ്രതിഫലത്തിന് അർഹനാകുന്നു. പറയുന്നു, ഹദീസനുസരിച്ച്, അല്ലാഹു ഈ അവസ്ഥ കരസ്ഥമാക്കുന്നവരുടെ കയ്യും കാലുമായിത്തീരുന്നു.

അല്ലാഹു പറയുന്നു, അവർ സംസാരിക്കുന്ന നാവായി ഞാൻ മാറുന്നു. അതായത് അവരുടെ എല്ലാ വാക്കുകളും പ്രവർത്തികളും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുള്ള അസ്വസ്ഥത കാരണത്താൽ, അല്ലാഹുവിന് വേണ്ടി, അല്ലാഹുവിന്റെതായി മാറുന്നു. അല്ലാഹുവിന്റെ അനിഷ്ടത്തിന് കാരണമാകുന്ന ഒരു പ്രവർത്തിയും തന്നെ അവരിൽ നിന്നുണ്ടാകുകയില്ല.

ഈയൊരു ടാർഗറ്റാണ് ബൈഅത്തിന് ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) നമുക്ക് നൽകിയിരിക്കുന്നത്. ഈ ടാർഗറ്റ് കരസ്ഥമാക്കുന്നതിനായി നമ്മുടെ സർവ്വ കഴിവുകളെയും വിനിയോഗിക്കുമ്പോഴാണ് ബൈഅത്തിന്റെ അവകാശം നൽകുന്നവരായി നാം മാറുകയുള്ളൂ. അങ്ങുന്ന് പറയുന്നു, ഇത് കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കേണ്ടി വരുന്നതാണ്. ഒറ്റ രാത്രിയിൽ ഈ പദവി കരസ്ഥമാക്കാൻ സാധിക്കുകയില്ല. അതിന് വേണ്ടി ശാരീരികാവേശങ്ങളിൽ നിന്ന് പരിശുദ്ധരാകേണ്ടതുണ്ട്. ശരീരേച്ഛകളെ ഉപേക്ഷിച്ച് അല്ലാഹുവിന്റെ ഇംഗിതത്തിനനുഗുണമായി തീരേണ്ടതുണ്ട്. തന്റെ ഒരു കർമ്മവും തന്നെ നിഷിദ്ധമായതാകാതിരിക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. മറിച്ച്, അല്ലാഹുവിന്റെ ഇംഗിതത്തിനനുഗുണമായിരിക്കേണ്ടതുണ്ട്. ഇങ്ങിനെയാകുമ്പോൾ നിത്യേനയുള്ള ധാരാളം പ്രയാസങ്ങളിൽ നിന്ന് മനുഷ്യൻ രക്ഷപ്പെടുന്നതാണ്.

അല്ലാഹുവിന്റെ തൃപ്തിക്ക് വിരുദ്ധമായി എന്തെങ്കിലും ചെയ്യുമ്പോഴാണ് ജനങ്ങൾ പ്രയാസത്തിലകപ്പെടുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. അന്നേരം അവർ അല്ലാഹുവിന്റെ തൃപ്തിക്ക് കീഴിൽ വരുന്നില്ല. മറിച്ച് തങ്ങളുടെ വികാരത്തിനടിപ്പെട്ടായിരിക്കും പ്രവർത്തിക്കുന്നത്. ഉദാഹരണമായി, കോപത്താൽ, കേസുണ്ടാകുന്ന തരത്തിലുള്ള കാര്യങ്ങൾ പ്രവർത്തിക്കുന്നു. കോടതി കയറി ഇറങ്ങേണ്ടുന്ന അവസ്ഥ വരുന്നു. ജയിലിൽ പോകേണ്ടി വരുന്നു. പറയുന്നു, എന്നാൽ ദൈവീക ഗ്രന്ഥത്തിന്റെ ഇച്ഛക്ക് വിരുദ്ധമായി ഒന്നും തന്നെ ചെയ്യുന്നതല്ലായെന്ന് തീരുമാനിക്കുന്നവർക്ക്, എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിനനുഗുണമായിരിക്കണം എന്ന് കരുതുന്നവർക്ക് അല്ലാഹുവിന്റെ ഗ്രന്ഥം തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗം പറഞ്ഞുകൊടുക്കുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തെ ഉപേക്ഷിച്ചുകൊണ്ട് സ്വന്തം വികാരത്തിനടിപ്പെടാൻ ശ്രമിച്ചാൽ നഷ്ടം സംഭവിക്കുന്നതാണ്.

അതിനാൽ ദൈവനിയോഗത്തിന്റെ ബൈഅത്തിനു ശേഷം ആത്മപരിശോധന നടത്തേണ്ടത് നമുക്ക് അനിവാര്യമാണ്. എല്ലാ കാര്യങ്ങളിലും ദൈവീക ഗ്രന്ഥത്തിന്റെ അഭിപ്രായമാണോ സ്വന്തം അഭിപ്രായമാണോ ആരായുന്നത്? നമ്മുടെ മനസ്സ് ദൈവീക ഗ്രന്ഥത്തിന്റെ അഭിപ്രായത്തെ പ്രാവർത്തികമാക്കുന്നതിൻ നിന്ന് നമ്മെ തടയുകയാണെങ്കിൽ നാം സ്വയം ചിന്തിക്കേണ്ടതുണ്ട്. നാം നമ്മുടെ പരിഷ്കരണത്തിലേക്ക് കൂടുതലായി തിരിയുന്നവരാകാൻ വേണ്ടി ജൽസയുടെ ഈ ദിനങ്ങളിൽ പ്രത്യേകിച്ച് നാം ദുആയിലും ഇസ്തിഗ്ഫാറിലും ഊന്നൽ നൽകേണ്ടതാണ്. നമ്മുടെ ആഗ്രഹങ്ങളെയും വികാരങ്ങളെയും അല്ലാഹുവിന്റെ ആഗ്രഹങ്ങൾക്കും കൽപ്പനകൾക്കും അനുഗുണമാകുന്നതിനു വേണ്ടിയുള്ള പരിശ്രമവും ദുആയും ചെയ്യുക. നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിന്റെ ബാദ്ധ്യത നിറവേറ്റുന്നവരായി മാറുന്നതിനു വേണ്ടി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിന് ഉന്നത നിലവാരം കരസ്ഥമാക്കുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങളെയെല്ലാം പരാമർശിക്കുക അസാധ്യമാണ്. ആ മഹാത്മാവിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഒരു സുപ്രധാന കാര്യത്തെ നാം സ്വായത്തമാക്കുകയാണെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി നാം മുന്നേറിക്കൊണ്ടിരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, രാത്രികളിൽ എഴുന്നേറ്റ് കൊണ്ട് ദുആ ചെയ്യുക. അല്ലാഹു നിങ്ങൾക്ക് സ്വന്തം മാർഗ്ഗം കാണിച്ചുതരുന്നതാണ്. റസൂൽ തിരുമേനി (സ) യുടെ സഹാബാക്കളും ഘട്ടം ഘട്ടമായാണ് ശിക്ഷണം കരസ്ഥമാക്കിയത്. അവർ ആദ്യത്തിൽ എന്തായിരുന്നു. ഒരു കൃഷിക്കാരന്റെ ബീജാവാപം പോലെയായിരുന്നു. പിന്നീട് നബി തിരുമേനി (സ) ജലസേചനം നടത്തി. അവർക്ക് വേണ്ടി ദുആ ചെയ്തു. വിത്ത് നല്ലതായിരുന്നു. ഭൂമി ഉത്തമവും. അതിനാൽ ഈ ജലസേചനത്താൽ നല്ല ഫലം ലഭിച്ചു. ഹുസൂർ (സ) നടക്കുന്നതുപോലെ അവരും നടന്നു. അവർ പകലിനേയോ, രാത്രിയേയോ പ്രതീക്ഷിച്ചിരുന്നില്ല. നിങ്ങൾ സത്യഹൃദയത്തോടു കൂടി തൗബ ചെയ്യുക. തഹജ്ജുദിനായി എഴുന്നേൽക്കുക. ദുആ ചെയ്യുക. ഹൃദയത്തെ നേരെയാക്കുക. ദൗർബല്യത്തെ ഉപേക്ഷിക്കുക. നിങ്ങളുടെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ചതാക്കിത്തീർക്കുക. ഈ ഉപദേശത്തെ ആവർത്തിക്കുന്നവരിലും പ്രാവർത്തിക രൂപത്തിൽ ദുആ ചെയ്യുന്നവരിലും അല്ലാഹുവിന് മുന്നിൽ അർത്ഥിക്കുന്നവരിലും അല്ലാഹു അനുഗ്രഹിക്കുന്നതാണെന്ന് ദൃഢമായും വിശ്വസിക്കുക. അവരുടെ ഹൃദയത്തിൽ പരിവർത്തനം ഉണ്ടാകുന്നതാണ്. അല്ലാഹുവിൽ നിന്ന് നിരാശരാകരുത്. പറയുന്നു: ചിലർ പറയുന്നു, ഞങ്ങൾക്ക് വലിയാകേണ്ടതുണ്ടോ? ദു:ഖം തന്നെ. അവർ അൽപം പോലും വിലമതിക്കുന്നില്ല. മനുഷ്യന് അല്ലാഹുവിന്റെ വലിയാകേണ്ടതു തന്നെയാണ്. അവൻ നേർമാർഗ്ഗത്തിൽ ചലിക്കുകയാണെങ്കിൽ അല്ലാഹുവും അവന്റെ അടുത്തേക്ക് വരുന്നതാണ്. പിന്നീട് ഒരിടത്ത് അവനുമായി കൂടിക്കാഴ്ച നടക്കുന്നു. അല്ലാഹുവിലേക്കുള്ള അവന്റെ ചലനം പതുക്കെയാണെങ്കിലും അതിനു വിപരീതമായി അല്ലാഹുവിന്റെ ചലനം വേഗത്തിലായിരിക്കും.

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا وَاِنَّ اللّٰهَ لَمَعَ الْمُحْسِنِيْنَ ﴿٧٠﴾

എന്ന വചനം അതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആരാണോ എന്നെ സംബന്ധിച്ച് പരിശ്രമിച്ചത് നാം അവർക്ക് നിശ്ചയമായും നമ്മുടെ മാർഗ്ഗത്തിലേക്ക് വഴി നടത്തുന്നതാണ്. പറയുന്നു, ഞാനിന്ന് ഉപദേശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും ഓർത്ത് വെക്കുക. മോക്ഷപ്രാപ്തി ഇതിലാണുള്ളത്. അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള നിങ്ങളുടെ കാര്യങ്ങൾ കേവലം ദൈവതൃപ്തിക്കു വേണ്ടി മാത്രമായിരിക്കണം. അതിലൂടെ നിങ്ങൾ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്നതിന്റെ സാക്ഷ്യപത്രമാകണം. നമുക്ക് ജൽസയുടെ ഈ ദിവസങ്ങൾ കരസ്ഥമായിരിക്കുന്നു. അതിന് കുറച്ച് ദിവസങ്ങൾക്ക് മുമ്പ് റമദാൻ കഴിഞ്ഞുപോയി. അതിൽ നാം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കുകയുണ്ടായി. ജൽസയുടെ ദിവസങ്ങളിൽ അറിവിനും ശിക്ഷണത്തിനും വേണ്ടി ഖുർആന്റെയും, ഹദീസിന്റെയും, സുന്നത്തിന്റെയും വെളിച്ചത്തിൽ നാം കാര്യങ്ങൾ കേൾക്കുന്നതാണ്. അല്ലാഹുവിന്റെ അസ്ഥിത്വത്തെ കുറിച്ചുള്ള അറിവിലും അവനുമായി ബന്ധം സ്ഥാപിക്കുന്നതിലുള്ള ശ്രദ്ധയിലും ധാരാളം പേർക്ക് വർദ്ധനവുണ്ടാകുന്നതാണ്. ഈ അറിവിനോടൊപ്പം നമുക്ക് നമ്മുടെ കർമ്മങ്ങളെയും പരിപോഷിപ്പിച്ച് കൊണ്ട് പോകേണ്ടതിന്റെ ആവശ്യമുണ്ട്. എന്താണോ കരസ്ഥമാക്കിയത് അതിനെ സൂക്ഷിക്കുകയും അതിൽ നിന്ന് പ്രയോജനം എടുക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യവുമുണ്ട്.

നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും സ്ഥിരതയുടേയും കൃത്യനിഷ്ഠതയുടേയും ആവശ്യമുണ്ട്. ഈ ജൽസയേയും ഈ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നതിനുള്ള ദൈവാനുഗ്രഹമായി നാം മനസ്സിലാക്കേണ്ടതാണ്. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

സംവിധാനപരമായും ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. ജൽസാ സാലാനയിലേക്ക് വരുന്ന സമയത്തും പോകുന്ന സമയത്തും, കാറിൽ വരുന്നവർ, കാർ പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിൽ നിന്ന് ജൽസയിലേക്ക് വരുന്ന സമയത്തും, ജൽസ ഗാഹിൽ നിന്ന് ദൂരെയാണ് പാർക്കിങ്ങ്. അവിടെ പാർക്ക് ചെയ്ത് ബസ്സിലായിരിക്കും വരിക. പിന്നീട് ഇവിടുന്ന് ബസ്സിൽ തന്നെയായിരിക്കും പോവുകയും ചെയ്യുക. അതിനാൽ വരുമ്പോഴും പോകുമ്പോഴും പാർക്കിങ്ങ് ചെയ്യുന്ന സമയത്തും യാതൊരു തരത്തിലും തിക്കും തിരക്കും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വ്യവസ്ഥാപിതമായ നിലയിൽ വരിവരിയായി നീങ്ങേണ്ടതാണ്. അതേപോലെ ജൽസാഗാഹിലേക്ക് പ്രവേശിക്കുമ്പോൾ, ചെക്കിങ്ങും സ്കാനറും വെച്ചിട്ടുള്ള സ്ഥലത്ത്, അവിടേയും ശ്രദ്ധിക്കേണ്ടതാണ്. വരിവരിയായി ക്രമപ്രകാരം വരേണ്ടതാണ്. വരിമുറിച്ചാൽ സംവിധാനം താറുമാറാകുന്നു. പിന്നീട് താമസവും ഉണ്ടാകുന്നു. അപ്പോൾ പരാതിയും വർദ്ധിക്കും. നിങ്ങളുടെ സമയം തന്നെ പാഴാകുന്നതാണ്. സംഘാടകർക്കും ബുദ്ധിമുട്ടിന് കാരണമായിത്തീരുന്നതാണ്. അതേപോലെ സാധനങ്ങൾ പരിശോധിക്കുമ്പോൾ ചിലർ പരാതിപ്പെടുന്നു. ചില പരാതികൾ എനിക്ക് ലഭിച്ചിട്ടുണ്ട്. അത് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. ഇത് നിങ്ങളുടെ ഗുണത്തിന് വേണ്ടിയാണ്. എല്ലാ ജൽസയിലും ഞാൻ പറയുന്നതുപോലെ ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും ജൽസയിലിരിക്കുന്ന എല്ലാ പുരുഷൻമാരും സ്ത്രീകളും തങ്ങളുടെ ചുറ്റുപാടിനെ ശ്രദ്ധിക്കേണ്ടതാണ്. ഇത് സുരക്ഷയുടെ ഏറ്റവും വലിയ സംവിധാനമാണ്. ഇത് ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണുള്ളത്. അഥവാ നാം സൂക്ഷ്മതയുള്ളവരായിക്കൊണ്ട് എല്ലായിടവും വീക്ഷിക്കുന്നവരാകുകയാണെങ്കിൽ. ഇത് ലോകത്ത് മറ്റെവിടേയും കാണാൻ സാധിക്കില്ല. ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷതയാണ്. അതിനാൽ ഇക്കാര്യത്തിൽ ഒരിക്കലും അലസരാകരുത്. ആരുടേയെങ്കിലും സംശയാസ്പദമായ ചലനത്തെക്കുറിച്ച് സംഘാടകരെ അറിയിക്കേണ്ടതാണ്. എവിടെയെങ്കിലും സഞ്ചിയോ ബാഗോ കിടക്കുന്നതായിക്കണ്ടാൽ ഡ്യൂട്ടിക്കാരെ അറിയിക്കുക. ജൽസയുടെ തിയ്യതികൾ ഇത്തവണ വ്യത്യസ്തമായതുകൊണ്ട്, രാത്രി ടെന്റുകളിലോ, താമസ സ്ഥലങ്ങളിലോ കഴിച്ചുകൂട്ടുന്നവർ തണുപ്പ് കൂടുതൽ അനുഭവപ്പെടുന്ന കാരണത്താൽ, ചിലരുടെ ആരോഗ്യം ദുർബലമായിരിക്കും അങ്ങിനെയുള്ളവർ ചൂടിനുള്ള വസ്ത്രം ധരിച്ചുറങ്ങുക. ഇവിടെ റസായിയുടെ സംവിധാനം ഉണ്ട്. അതും വാങ്ങേണ്ടതാണ്, കൊണ്ടുവന്നിട്ടില്ലാത്തവർ. ഒന്ന് രണ്ട് വർഷമാണ് ഈ നിർബന്ധിതാവസ്ഥ ഉണ്ടാകുക. അതിനു ശേഷം اِنْ شَآءَاللّٰہُ ജൽസ അതിന്റെ സമയത്ത് തന്നെ നടക്കുന്നതാണ്.

ജോലിക്കാരോടു ഞാൻ നേരത്തേ തന്നെ പറഞ്ഞിരുന്നു; അവരുടെ ബാധ്യത എന്താണെന്ന്. അതിഥികൾക്ക് ആതിഥേയത്തിന്റെ അവകാശം നൽകുക. എല്ലാ വിഭാഗവും എന്നത്തേയും പോലേ പ്രതിഫലേഛ കൂടാതെ സേവനം ചെയ്യുക.

വൃത്തിയെ സംബന്ധിച്ച് പ്രത്യേകിച്ച് ടോയ്‌ലറ്റിനെ സംബന്ധിച്ച് ധാരാളം പരാതികൾ ലഭിക്കാറുണ്ട്. പൊതുവിൽ കാണപ്പെടുന്നില്ലായെങ്കിലും ചില പ്രത്യേക പ്രകൃതങ്ങൾ അൽപം പോലും മാലിന്യം സഹിക്കില്ല. അതുകൊണ്ട് വൃത്തിയായി സൂക്ഷിക്കേണ്ടത് സംഘാടകരുടെ ജോലിയാണെന്നുള്ളിടത്ത് ജനങ്ങളും ഉപയോഗശേഷം വൃത്തിയാക്കി പുറത്തുവരേണ്ടതാണ്. അതിനു വേണ്ടി ഇത്തവണ പ്രത്യേക ടീം തന്നെ തയ്യാറാക്കിയിട്ടുണ്ട്. അതിനാൽ اِنْ شَآءَاللّٰہُ ഉത്തമമായ സംവിധാനം ഉണ്ടായിരിക്കുന്നതാണ്. എന്നിരുന്നാലും വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ഓർക്കുക വൃത്തി നിസ്സാരകാര്യമല്ല. വിശ്വാസത്തിന്റെ ഭാഗമാണെന്നാണ് നബി(സ) പറഞ്ഞിട്ടുള്ളത്. ഒരു വിശ്വാസി എല്ലാ നിലയിലും തന്റെ വിശ്വാസത്തിന്റെ നിലവാരത്തെ ഉയർത്താൻ പരിശ്രമിക്കേണ്ടതാണ്. ഏറ്റവും പ്രധാനമായി മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ നമസ്കാരങ്ങളിലും നഫലുകളിലും ദു:ആകളിലും കൂടുതൽ ഊന്നൽ നൽകുക. ഈ ദിനങ്ങളിൽ പ്രത്യേകിച്ചും ദുറൂദിലേക്കും നഫലുകളിലേക്കും ദുആകളിലേക്കും കൂടുതൽ ശ്രദ്ധ ചെലുത്തുക. ഇവിടെ തങ്ങുന്നവർക്ക് ജമാഅത്തായ തഹജ്ജുദിനുള്ള സംവിധാനം ഇവിടെയുണ്ട്. വീടുകളിൽ തങ്ങുന്നവർ അവിടെ തഹജ്ജുദിനുള്ള സംവിധാനം ഒരുക്കുക. അല്ലാഹു ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും പുരോഗതിയുടെ അസാധാരണ ദൃശ്യം നമുക്ക് കാണിച്ചു തരുന്നതിനായി. പാകിസ്ഥാനി അഹ്മദികളേയും ദുആയിൽ പ്രത്യേകം ഓർക്കുക. ഞാൻ പറഞ്ഞതുപോലെ അവരിൽ അക്രമം അങ്ങേയറ്റമെത്തിയിരിക്കുന്നു. ഇന്നലെയും ഒരു ശഹാദത്തുണ്ടായിട്ടുണ്ട്. മറ്റൊരു വ്യക്തിക്ക് നേരേയും വെടിവെപ്പുണ്ടായി. എന്നാൽ അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. മറ്റ് സ്ഥലങ്ങളിലുള്ള അഹ്മദികളേയും എവിടെയെല്ലാം അക്രമങ്ങൾക്കിരയാകുന്നുണ്ടോ അവരെയും ദു:ആയിൽ ഓർക്കുക. അല്ലാഹു എത്രയും പെട്ടെന്ന് ഈ അക്രമികളെ പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കട്ടെ. ലോകം റസൂൽതിരുമേനി(സ) യുടെ സത്യദാസനെ തിരിച്ചറിയുന്നവരാകട്ടെ.

ഞാൻ പറഞ്ഞതുപോലെ ഒരു ശഹാദത്തുണ്ട്. ആ ശഹീദിന്റെ ജനാസാ ഗായിബ് നമസ്കരിക്കുന്നതാണ്. അതോടൊപ്പം മറ്റു ചില ജനാസാ ഗായിബും ഉണ്ട്. ശഹീദ് ബഹുമാന്യ റാവ് അബ്ദുൾ ഗഫാർ സാഹിബ് അദ്ദേഹം മുഹമ്മദ് തഹ്സീൻ സാഹിബിന്റെ മകനാണ്. 2012 സെപ്റ്റംബർ 6നാണ് അദ്ദേഹം ശഹീദായത്. ചാക്കിവാഡയിലുള്ള സ്വന്തം സ്ക്കൂളിൽ ജോലി നോക്കുകയായിരുന്നു. വൈകുന്നേരം പഠിപ്പിച്ചു കഴിഞ്ഞ ശേഷം 5 മണിക്ക് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അതിനായി ബസ്സിൽ യാത്രയായപ്പോൾ രണ്ട് അജ്ഞാത ബൈക്ക് യാത്രക്കാർ അദ്ദേഹത്തിനു നേരെ നിറയൊഴിച്ചു. തത്ഫലമായി രണ്ട് വെടി അദ്ദേഹത്തിന് ഏറ്റു. ഒന്ന് തോളിലും മറ്റേത് കഴുത്തിന്റെ പിന്നിൽ തറച്ച് തലയിലൂടെ പുറത്ത് വരികയും ചെയ്തു. സംഭവസ്ഥലത്തുവെച്ചു തന്നെ ശഹീദായി. اِنَّا لِلّٰہِ وَاِنَّآ اِلَیْہِ رٰجِعُوْنَ ശഹാദത്ത് സമയത്ത് അദ്ദേഹത്തിന്റെ പ്രായം 42 വയസ്സായിരുന്നു. 2012 ജനുവരി മുതൽ അദ്ദേഹം വസിയ്യത്ത് ചെയ്തതാണ്. വസിയ്യത്തിന് അധികാരം ലഭിച്ചിട്ടില്ല എങ്കിലും വസിയ്യത്തിന്റെ ചന്ദ നൽകിയിരുന്നു. സയീം അൻസാറുല്ലാ ഹൽഖയായിരുന്നു. സെക്രട്ടറി ഹുസ്നെ തഹ്രീക്കായിരുന്നു. വളരെ ആത്മാർത്ഥതയുള്ള അഹ്മദിയായിരുന്നു. നല്ല സ്വഭാവവും ദഅ്‌വത്തെ ഇലല്ലയിൽ നല്ല ആവേശവുമുള്ള വ്യക്തിയായിരുന്നു. അദ്ദേഹത്തിനും കുടുംബത്തിനും ജമാഅത്തുമായി സുദൃഢബന്ധമായിരുന്നു. സൽസ്വഭാവിയും എല്ലാവരോടും ഇണങ്ങുന്ന പ്രകൃതമുള്ള വ്യക്തിയും ധാരാളം ദുആ ചെയ്യുന്ന വ്യക്തിയുമായിരുന്നു. ഖിലാഫത്തുമായി അഗാധസ്നേഹമായിരുന്നു. ഏത് ആഹ്വാനങ്ങളിലും പങ്കെടുക്കുന്നതിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. 1995 ലാണ് വിവാഹം നടന്നത്. അബ്ദുൾ ഗഫാർ സാഹിബിന്റെ മകളായ സഅദിയ കുൽസും സാഹിബയുമായി. രണ്ട് ആൺമക്കളും രണ്ട് പെൺമക്കളുമാണുള്ളത്. 1988ൽ മുബാഹലയുടെ ഫലമായി സിയാഉൽ ഹഖിന്റെ പര്യവസാനം കണ്ടുകൊണ്ടാണ് അദ്ദേഹവും ഭാര്യയും ബൈഅത്ത് ചെയ്തത്. അവരുടെ മാതാപിതാക്കൾ അതിനുമുമ്പേ അഹ്മദികളായിരുന്നു. അവർ മുഖേന ഇവരുടെ കുടുംബത്തിൽ അഹ്മദിയത്തിന്റെ പരിചയം കൂടുതൽ വർദ്ധിക്കാൻ തുടങ്ങി.

ഇദ്ദേഹത്തിന്റെ സഹോദരി പറയുന്നു, ഞാൻ 8 വർഷം മുമ്പ് സ്വപ്നത്തിൽ

കണ്ടു, അദ്ദേഹത്തിന് വെടിയേറ്റിരിക്കുന്നു, മരിച്ചിരിക്കുന്നു. എന്നാൽ അടുത്തുചെന്നപ്പോൾ കണ്ടത് ജീവനുള്ളതായിട്ടാണ്. നിശ്ചമായും ഇത് അദ്ദേഹത്തിന് ലഭിക്കേണ്ട ശഹാദത്തിന്റെ സ്ഥാനമായിരുന്നു. അല്ലാഹു വിളംബരപ്പെടുന്നത്, അവർ മരിക്കുന്നില്ല അവരെ മരിച്ചവർ എന്ന് പറയരുത് എന്നാണ്. അതുപോലെ അദ്ദേഹത്തിന്റെ മകളും ഭാര്യയും ഒരു സ്വപ്നം കണ്ടിരുന്നു. അതും അദ്ദേഹത്തിന്റെ ശഹാദത്തുമായി ബന്ധപ്പെട്ടതാണ്, ഭാര്യ ഈ സ്വപ്നം അദ്ദേഹത്തെ കേൾപ്പിച്ചപ്പോൾ, ഞാൻ ശഹീദാവുകയാണെങ്കിൽ നീ കരയരുതെന്ന് അവരെ താക്കീത് ചെയ്തു. അതുപോലെ അദ്ദേഹത്തെ അറിയുന്നവർ പറയുന്നു, ഞായറാഴ്ച അഹ്മദിയ്യാ ഹാൾ കറാച്ചിയിൽ മീറ്റിംങ്ങുണ്ടായിരുന്നു. വീട്ടിലേക്കുള്ള മടക്കത്തിൽ വഴിയിൽ വെച്ച് സ്വഹൃത്തുക്കളോട് പറഞ്ഞിരുന്നു, മരണം എല്ലാവർക്കും വരുന്നതാണ്. എന്നാൽ എന്റെ ആഗ്രഹം അല്ലാഹു എനിക്ക് ശഹാദത്തിന്റെ മരണം നൽകട്ടെ എന്നാണ്. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ ഒരു മകൻ റബ്വ ജാമിഅ അഹ്മദിയ്യായിൽ പഠിക്കുന്നുണ്ട്. രണ്ടാമത്തെ മകൻ പത്താം ക്ലാസ്സിലാണ്14 വയസ്സുണ്ട്. 10 വയസ്സുള്ള പെൺകുട്ടിയും 7 വയസ്സുള്ള പെൺകുട്ടിയും ഉണ്ട്. ഇവരുടെ തലമുറകളിലും എപ്പോഴും ഖിലാഫത്തിനോടുള്ള കൂറ് നിലനിൽക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഗാഇബ് ബഹുമാന്യ സാഹിബ് സാദി ഖുദ്സിയ ബേഗം സാഹിബയുടേതാണ്. സയ്യിദ് നവാബ് അമത്തുൽ ഹഫീസ് ബേഗം സാഹിബയുടേയും ഹദ്റത്ത് നവാബ് ദുലേഖാൻ സാഹിബിന്റേയും മകളാണ്. 1927 ജൂണിൽ ജനിച്ചു. സെപ്റ്റംബർ ഒന്നിന് താഹിർ ഇൻസ്റ്റിറ്റ്യൂട്ട് റബ്വയിൽ വഫാത്തായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ

കുട്ടിക്കാലം ഖാദിയാനിലാണ് കഴിഞ്ഞ് കൂടിയത്. നല്ല ദീനി ചുറ്റുപാടിലാണ് കഴിഞ്ഞുകൂടിയത്. അവിടെ വളരുകയും അവിടെ വിദ്യാഭ്യാസം കരസ്ഥമാക്കുകയും ചെയ്തു, വിഭജനസമയത്ത് 20 വയസ്സായിരുന്നു പ്രായം, ഖാദിയാനിൽ നിന്ന് ഹിജ്റത്ത് ചെയ്ത് ലാഹോറിൽ എത്തി. ഖാദിയാനിൽ നാസിറാത്തിലും ലജ് നയിലും സേവനമനുഷ്ഠിച്ചിരുന്നു, ഇവിടെ വന്ന ശേഷവും സേവനങ്ങൾ ചെയ്തിരുന്നു, മിർസാ ഗുലാം ഖാദിർ സാഹിബ് ശഹീദിന്റെ മാതാവായിരുന്നു. അവർ തന്റെ കുറിപ്പിൽ എഴുതുന്നു, അത് പരാമർശിക്കേണ്ടത് അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു. പറയുന്നു, ഗുലാം ഖാദിർ സാഹിബിന്റെ ശഹാദത്തിനു ശേഷം ഒരു പഴയ മടങ്ങിയ കടലാസ് എന്റെ മുന്നിലുണ്ട്. എനിക്കോർമ്മയില്ല 12,15 വർഷം പഴക്കമുള്ളതാണ്. അതിൽ ഒരു ദുആ എഴുതിയിരുന്നു. അതിനെ ഞാൻ കവിതയാക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ ഞാൻ കവിയത്രിയല്ല. വികാരത്തിനടിപ്പെട്ട് പറയാൻ ശ്രമിച്ചു. എന്നാൽ പറയാൻ കഴിഞ്ഞില്ല. ആ ദുആയുടെ രണ്ട് വരികൾ എഴുതുന്നു. പരസ്പരം നക്ഷത്രങ്ങളെപോലെ ആകാശത്ത് പരസ്പരം മൽസരിച്ച് അവർ ശോഭയാൽ പ്രകാശിക്കുന്നു. അവരുടെ തലമുറകളിൽ അഭിമാനിതർ ജനിക്കട്ടെ. എന്റെ ഈ അപേക്ഷ പ്രിയപ്പെട്ടവനെ സ്വീകരിക്കേണമേ.

പറയുന്നു. ഇത് പദ്യത്തിന്റെ പ്രാസമൊപ്പിച്ചുള്ള വരികളല്ലായെങ്കിലും എന്റെ ഹൃദയവികാരങ്ങളാൽ നിറഞ്ഞതാണ്. ഞാനെഴുതിയതെല്ലാം ഗദ്യരൂപത്തിൽ ഇപ്രകാരമാകുന്നു. അല്ലാഹുവേ! എന്റെ മടിത്തട്ട് പരിപാലിച്ചത് നിനക്ക് വേണ്ടി സമർപ്പിതമാകട്ടെ എന്നതാണ് എപ്പോഴുമുള്ള എന്റെ ദുആ. അല്ലാഹുവെ സമയമാകുമ്പോൾ കുട്ടിയെ സമർപ്പിക്കുന്നതിലെ തടസ്സത്തിൽ നിന്നും ഒഴിച്ചു നിർത്തണേ.

നാഥാ, നിന്റെ അനുമതിയില്ലെങ്കിൽ ആഗ്രഹത്തിന്റെ യാഥാർത്ഥ്യം ഒന്നും തന്നെയല്ല. നിന്റെ കൽപനയില്ലാതെ ആർക്കും ആഗ്രഹം പൂർത്തിയാക്കാൻ സാധ്യമല്ല. അല്ലാഹുവേ, എന്റെ ദുആ കേൾക്കേണമേ, മകൻ പരസ്പരം ഒന്നിനൊന്ന് മികച്ച നിലയിൽ പ്രശോഭിതമാകട്ടെ. ആകാശത്ത് നക്ഷത്രങ്ങളെപോലെ തിളങ്ങട്ടെ. അവരുടെ തലമുറകളിൽനിന്ന് ബഹുമാന്യരായ കൂറുള്ളവർ ജനിക്കട്ടെ. എന്റെ ആഗ്രഹമാണ്. സ്വീകരിക്കുന്നവൻ നീയാണ്.

പറയുന്നു, ഖാദറിന്റെ ഖുർബാനിയുടെ ഏതാനും ദിവസങ്ങൾക്കു മുമ്പ് എന്റെ പഴയ കടലാസ്സുകളിൽ നിന്ന് ഈ ദു:ആ ലഭിച്ചു. ഞാനെന്ത് വികാരത്തിലാണ് ചെയ്തതെന്ന് അല്ലാഹുവിനറിയാം, അത് സ്വീകരിക്കപ്പെടുകയും ചെയ്തു. കുറച്ചുനേരത്തേക്ക് എന്റെ ഹൃദയം വിതുമ്പി. അല്ലാഹുവെ , ഞാനവനു വേണ്ടി ജീവന്റെ ഖുർബാനിയാണ് ആവശ്യപ്പെട്ടത്. അകത്തളങ്ങളിൽ നിന്ന് മാതൃത്വം പറഞ്ഞു, അല്ലാഹുവേ ചെറുപ്രായത്തിൽ അവനിൽ നിന്നോ എന്നിൽ നിന്നോ ഈ ഖുർബാനി സ്വീകരിക്കരുത്. ദീർഘായുസ്സ് നൽകണം എന്ന ദു:ആയിൽ മുഴുകുകയും ചെയ്തു. എന്റെ ദു:ആ സ്വീകരിക്കപ്പെട്ടു കഴിഞ്ഞു എന്നെനിക്കറിയില്ലായിരുന്നു. യുവത്വത്തിൽ അല്ലാഹു ഈ ഖുർബാനി സ്വീകരിക്കാൻ ആഗ്രഹിച്ചിരുന്നു. യുവത്വത്തിൽ തന്നെ എന്റെ കുട്ടിയെ എന്നിൽ നിന്നെടുക്കുന്നതാണെന്ന തീരുമാനം ആയിക്കഴിഞ്ഞിരുന്നു, എത്ര വലിയ ഖുർബാനിയാണോ അത്ര വലിയ പ്രതിഫലം ലഭിക്കുന്നു, ഏതായാലും മകന്റെ ശഹാദത്തിനു വളരെ ക്ഷമ കൈകൊണ്ടു. നാം സ്വയവും അതിന് സാക്ഷിയാണ്. വളരേ സഹനത്തോടും ധൈര്യത്തോടും എല്ലാം സഹിച്ചു. അനുശോചനം അറിയിക്കാനായി ഞാനവരുടെ അടുത്ത് ചെന്നപ്പോൾ പുഞ്ചിരിച്ചുകൊണ്ട് അവർ ശഹീദ് ഖാദിറിന്റെ നന്മകളെ കുറിച്ച് പറഞ്ഞു, വളരെ ധൈര്യം കാണിച്ചു. എഴുത്തു മുഖേന ഞാനുമായി ബന്ധപ്പെടുമായിരുന്നു. അവസാനം എനിക്കെഴുതിയ കത്തിലും ഇതേ വാക്കായിരുന്നു. അല്ലാഹു എനിക്കും എന്റെ സന്താനങ്ങൾക്കും തഖ്വ നൽകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ദുആകളുടെ അവകാശികളാക്കട്ടെ. ആ മഹാത്മാവിന്റെ തലമുറയുടെ അവകാശങ്ങൾ നൽകുന്നവരാകട്ടെ. ഈ ദുആ അവരുടെ എല്ലാ സന്താനങ്ങളിലും എല്ലാ കുടുംബങ്ങളിലും പൂർത്തിയാകട്ടെ. ഞാൻ പറഞ്ഞതുപോലെ അവർ ഖാദർ ശഹീദിന്റെ മാതാവായിരുന്നു. തന്റെ വഖ്ഫാകണമെന്ന് ആഗ്രഹിച്ചിരുന്ന മകൻ ഖാദർ ശഹീദ് ജീവിതം വഖ്ഫ് ചെയ്തിരുന്നു. ശഹാദത്തിന്റെ പദവി കരസ്ഥമാക്കുകയും ചെയ്തു. ഖാദർ ശഹീദിനോട് ഇവർക്ക് വളരെ സ്നേഹമുണ്ടായിരുന്നു. വീട്ടിൽ എല്ലായിടത്തും അദ്ദേഹത്തിന്റെ ഫോട്ടോ വെച്ചിരുന്നു. ഖാദർ ശഹീദിന്റെ ജനാസ എടുത്തപ്പോൾ ധൈര്യം പ്രകടിപ്പിച്ചുക്കൊണ്ട് കരയാതെ ഇതായിരുന്നു പറഞ്ഞത്, ജസാക്കല്ലാ ഖാദർ, ജസാക്കല്ലാ ഖാദർ. അതായത് അവരുടെ മകൻ ഖാദർ വലിയ പദവി നൽകിയിരിക്കുന്നു. ശഹീദിന്റെ മാതാവ് എന്ന് പറയപ്പെട്ടു. അവരുടെ ആഗ്രഹം പൂർത്തിയായി. അല്ലാഹു അവർക്ക് മഗ്ഫിറത്തും റഹ്മത്തും നൽകുമാറാകട്ടെ. പദവി ഉയർത്തുമാറാകട്ടെ. അവരുടെ ഭർത്താവ് സാഹിബ് സാദാ മിർസാ മജീദ് അഹ്മദ് സാഹിബ് രോഗിയാണ്. വൃദ്ധനുമാണ്. അല്ലാഹു അദ്ദേഹത്തിനും ക്ഷമയും ധൈര്യവും നൽകട്ടെ. ഇവരുടെ സന്താനങ്ങൾക്ക് ഞാൻ പറഞ്ഞതുപോലെ നന്മ നിലനിർത്തുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഇപ്പോൾ നമസ്കരിക്കുന്ന മറ്റൊരു ജനാസ ബഹുമാന്യ ചൗധരി നസീർ അഹ്മദ് സാഹിബ്, മുൻ അമീർ ജില്ലാ ബഹാവൽപൂരിന്റേതാണ്. ചൗധരി നസീർ അഹ്മദ് സാഹിബ് ചൗധരി മീർ മുഹമ്മദ് സാഹിബിന്റെ മകനാണ്. ഹോശിയാർപൂർ വാസിയായിരുന്നു. 1935ൽ ജനിച്ചു. ഓഗസ്റ്റ് 28 ന് അദ്ദേഹം വഫാത്തായി. ബി എസ് സി സിവിൽ എഞ്ചിനീയറിങ്ങിനു ശേഷം നദീജലവിഭാഗത്തിൽ ജോലി ചെയ്തു. അവിടുന്ന് റിട്ടയറാവുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 65 മുതൽ 67 വരെ ജില്ലാ

റഹീംജർഖാൻ ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദും, പിന്നീട് 75 മുതൽ 80 വരെയും 83 മുതൽ 2004 വരെയും ജമാഅത്ത് അഹ്മദിയ്യാ ബഹാവൽപൂരിന്റെ സദറായും അമീറായും സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. 2004ൽ റബ്‌വയിൽ എത്തി. 74ൽ എതിർപ്പ് സഹിക്കേണ്ടിവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഡയറിയുടെ ഒരു പേജിൽ എഴുതുന്നു. 74ൽ മുഴുവൻ പാകിസ്ഥാനിലും ജമാഅത്തിനെതിരെ കഠിന എതിർപ്പ് ആരംഭിച്ചു. ആ ദിവസങ്ങളിൽ ബഹാവൽപൂരിൽ ചെറിയ സഹോദരൻ ബശീർ സാഹിബിന്റെ പെട്രോൾ പമ്പ് നോക്കിനടത്തുകയായിരുന്നു. ബശീർ സാഹിബ് രോഗിയായിരുന്നു.74 ലിലെ കലാപകാരണത്താൽ മൗലവിമാർ അവിടെ ഉപരോധം നടത്തി. ആരേയും പമ്പിലേക്ക് വരാൻ അനുവദിച്ചിരുന്നില്ല. പമ്പിലേക്കുള്ള വഴിയിൽ കഫൻ ധരിച്ച യുവാക്കളെ നിരനിരയായി നിർത്തിയിരുന്നു. അവിടെ ഒരു അഹ്മദി യുവാവ് പെട്രോളടിക്കാനായി എത്തി. അവന്റെ ബൈക്ക് അഗ്നിക്കിരയാക്കി. വളരെ മർദ്ദിക്കുകയും ചെയ്തു. ഓയിൽ ഒഴിക്കുകയും അസഭ്യം പറയുകയും ചെയ്തു. എന്തായാലും അത്തരത്തിലും അദ്ദേഹത്തിന് ബുദ്ധിമുട്ട് സഹിക്കുന്നതിനുള്ള തൗഫീഖ് നൽകി. അദ്ദേഹത്തിന്റെ ഭാര്യ എഴുതുന്നു. അവസാന സമയം വരെ ജമാഅത്തീ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു. കഠിനരോഗമായിട്ടുപോലും. അവസാനം അദ്ദേഹത്തെ ഖളായിൽ നിയമിച്ചിരുന്നു. അവസാന തീരുമാനം എഴുതി കവറിലിട്ട് എനിക്കു നൽകിക്കൊണ്ട് പറഞ്ഞു ആരും വായിക്കാതെ ഇത് ഖളായുടെ ഓഫീസിലേക്ക് എത്തിക്കുക. അവസാനം രോഗം വളരെ പ്രയാസമേറിയതായിരുന്നു. നമസ്കരിക്കാൻ പോലും ബുദ്ധിമുട്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു. വളരെ രോഗിയാണ്. രോഗത്താൽ എനിക്ക് ജോലി ചെയ്യാൻ കഴിയുന്നില്ല എന്ന് ഹദ്റത്ത് സാഹിബിന് എഴുതുക. അദ്ദേഹം പറഞ്ഞു. എന്നെ നിയമിച്ചിരിക്കുകയാണ്. ജീവനുള്ള കാലത്തോളം ചെയ്തുകൊണ്ടിരിക്കുന്നതാണ്. ധാരാളം നന്മകളുടെ ഉടമസ്ഥനായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും നന്മയിൽ പുരോഗതി നൽകട്ടെ.

അവസാന ജനാസ ബഹുമാന്യ ഫറാസ് മുഹമ്മദ് സാഹിബ് സിറിയയുടേതാണ്. ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്ന കലഹത്തിന്റെ ഫലമായി ദമിശ്കിന്റെ പ്രാന്തപ്രദേശത്ത് അദ്ദേഹം ശഹീദായി. അദ്ദേഹത്തിന്റെ മൃതശരീരത്തെക്കുറിച്ച് ആദ്യം അറിവ് ലഭിച്ചിരുന്നില്ല. ആഗസ്റ്റ് 30ന് അദ്ദേഹത്തിന്റെ മൃതശരീരം ലഭിച്ചു, മറവടക്കാൻ ശ്രമിച്ചു. പാറകൾ നിറഞ്ഞ ഭൂമിയായതിനാൽ മറവടക്കാൻ കഴിഞ്ഞില്ല. ഖബറ് കുഴിക്കാൻ കഴിഞ്ഞില്ല. പിന്നീട് അവിടെയുള്ളവർ കലഹങ്ങളിൽ മരിച്ച മറ്റുള്ളവരെ മറവടക്കിയപ്പോൾ അദ്ദേഹത്തേയും മറവടക്കി. 8 മാസം മുമ്പായിരുന്നു അദ്ദേഹം ബൈഅത്ത് ചെയ്തത്. 35 വയസ്സായിരുന്നു. കൂലിപ്പണിയായിരുന്നു. 8 മാസം വളരെ ആത്മാർത്ഥമായി ബൈഅത്തിന്റെ നിബന്ധനയെയും അഹ്മദിയ്യത്തിന്റെ ബന്ധത്തേയും നിറവേറ്റി. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തി മഗ്ഫിറത്ത് നൽകുമാറാകട്ടെ. ജുമുഅ നമസ്കാരത്തിന് ശേഷം ഇവരെല്ലാവരുടേയും ജനാസ ഗായിബ് നമസ്കാരം ഉണ്ടായിരിക്കുന്നതാണ്.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 September 07 at : Hadeeqatul Mahdi,UK
Translation: T.M.Abdul Mujeeb, Kakkanad

Typing: Nasarudheen.A.T , Tahir.M.P & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**